**അടിയന്തിരം**

പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എഡി.സി6/165333/എച്ച്.എസ്.ഇ/2019** **തീയതി : 11/03/2020**

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം -ജീവനക്കാര്യം- dhse transfer site – Update ചെയ്യുന്നത് - സംബന്ധിച്ച്

ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ 21/03/2020 വൈകിട്ട് 5.00 മണിക്ക് മുമ്പായി dhse transfer site- ൽ updation നടത്തേണ്ടതാണ്. LWA/deputation rejoining, PSC/by transfer നിയമനം എന്നിവ ലഭിച്ച അദ്ധ്യാപകർ dhse transfer site മുഖേന join ചെയ്യേണ്ടതാണ്. അദ്ധ്യാപകരുടെ personal details, employment details, service regularization details, probation declaration details, relinquishment, previous service, NCC teachers to be retained, SPC teachers to be retained (2020 March 31 നകം അംഗീകൃത പരിശീലനം പൂർത്തിയാക്കുന്ന NCC/SPC അധ്യാപകർ മാത്രം) relinquished Principal post before 22/09/2014, physically challenged 60% & above, maternity retained (06/09/2019- നു ശേഷം ലീവിൽ പ്രവേശിച്ചവർ) എന്നിവ എല്ലാ പ്രിൻസിപ്പൽമാരും update ചെയ്യേണ്ടതാണ്. നിയമപരമായി കുട്ടിയെ ദത്തെടുത്തതിനുള്ള അവധിയ്ക്ക് അർഹരായിട്ടുള്ള വനിതാ ജീവനക്കാർ അവരുടെ വിവരങ്ങൾ maternity retained - ന് ഒപ്പം നൽകേണ്ടതാണ്.

ഹയർ സെക്കന്ററി സർവ്വീസ് കാലയളവിൽ നാളിതുവരെ ഹോംസ്റ്റേഷൻ ഡിക്ലയർ ചെയ്യാത്ത അധ്യാപകരുടെ ഹോംസ്റ്റേഷൻ, പി.എസ്.സി അഡ്വൈസിലെ റവന്യു ജില്ലയായിരിക്കും. മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പാളിന് പി.എസ്.സി അഡ്വൈസിലെ റവന്യു ജില്ല മാറ്റി നൽകാവുന്നതാണ്. സർവ്വീസ് കാലയളവിൽ ഒരു തവണമാത്രം ഈ ഹോംസ്റ്റേഷൻ മാറ്റാവുന്നതാണ്. 06/09/2019 നു ശേഷം ആദ്യമായി ഹയർ സെക്കന്ററി സർവ്വീസിൽ പ്രവേശിച്ചവരും/dhse transfer site -ൽ ഹോംസ്റ്റേഷൻ ഡിക്ലയർ ചെയ്യാതെ LWA/Deputation ൽ നിന്നും പുന:പ്രവേശിച്ച അധ്യാപകരുടെയും ഹോംസ്റ്റേഷൻ ബന്ധപ്പെട്ട അധ്യാപകരുടെ പി.എസ്.സി അഡ്വൈസിലെ റവന്യു ജില്ലയായി പ്രിൻസിപ്പാൾ dhse transfer site - ൽ update

ചെയ്യേണ്ടതാണ്. സേവനകാലയളവിൽ ഹോംസ്റ്റേഷൻ ഒരു പ്രാവശ്യം ഡിക്ലയർ ചെയ്തതിനുശേഷം നാളിതുവരെ ഹോംസ്റ്റേഷൻ change ചെയ്യാത്ത അധ്യാപകർ ഹോംസ്റ്റേഷൻ change ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ മതിയായ രേഖകളുടെ (ആധാർ കാർഡ്/ഇലക്ഷൻ ഐ.ഡി കാർഡ്/ റേഷൻ കാർഡ്/Residential Certificate), പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ചുവടെ ചേർത്തിട്ടുള്ള മെയിൽ I D യിലേക്ക് 21/03/2020 വൈകിട്ട് 5 മണിക്ക് മുമ്പായി മെയിൽ ചെയ്യേണ്ടതാണ്.

സർവ്വീസ് details -ൽ അദ്ധ്യാപകർ അവരുടെ സേവനകാലയളവിൽ ജോലി നോക്കിയിട്ടുള്ള സ്കൂളുകളിലേക്ക് നിയമിച്ച/ട്രാൻസ്ഫർ ചെയ്ത ഉത്തരവിന്റെ തീയതി നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. 2019-2020 ലെ പൊതുസ്ഥലം മാറ്റത്തിനു ശേഷം നിലവിൽ വന്ന ഒഴിവുകളിലേക്ക് 14/11/2019 ന് നടത്തിയ സ്ഥലം മാറ്റംപ്രകാരം,conditional status-ൽ തുടരേണ്ടിയിരുന്ന അധ്യാപകരും, 31/03/2020-ന് 3 വർഷ ഹയർ സെക്കന്ററി സർവീസ് പൂർത്തിയാക്കാത്ത അധ്യാപകരുടെയും, 06/09/2019-ലെ പൊതുസ്ഥലം മാറ്റ ഉത്തരവിൽ അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരുടെയും status, conditional ആയി പ്രിൻസിപ്പൽ update ചെയ്യേണ്ടതാണ്. Conditional ആയി post ചെയ്തിട്ടുള്ള അദ്ധ്യാപകരുടെ status conditional ആയി തന്നെ പ്രൻസിപ്പൽ നിലനിർത്തേണ്ടതാണ്. കൂടാതെ വകുപ്പിൽ നിന്ന് relieve ചെയ്ത അദ്ധ്യാപകരുടെ വിവരങ്ങൾ, LWA, Deputation എന്നീ വിവരങ്ങളും dhse transfer site -ൽ update ചെയ്യേണ്ടതാണ്. സർവീസ് വിവരങ്ങൾ, conditional posting തുടങ്ങിയ വിഷയങ്ങളിൽ തെറ്റുകൾ എന്തെങ്കിലും ഉണ്ടെന്ന് പിന്നീട് ബോധ്യപ്പെട്ടാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട പ്രിൻസിപ്പലിനു മാത്രമായിരിക്കും.

ഓരോ സ്കൂളിലേയും മുഴുവൻ അധ്യാപകരുടേയും വിവരങ്ങൾ dhse transfer site -ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആയതിൽ അപാകതകൾ ഒന്നുമില്ലെന്നും conditional ആയി post ചെയ്തിട്ടുള്ള അദ്ധ്യാപകരുടെ status, conditional ആയി തന്നെ ആണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന കാര്യവും ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽമാർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ഓരോ അദ്ധ്യാപകരും അവരുടെ വിവരങ്ങൾ update ചെയ്തതിനുശേഷം ആയത് പ്രിന്റ് എടുത്ത് (individual report) സ്വയം സാക്ഷ്യപ്പെടുത്തി പ്രിൻസിപ്പലിന് നൽകേണ്ടതാണ്. ഇത്തരത്തിൽ ഒരു സ്കൂളിലെ എല്ലാ അദ്ധ്യാപകരുടെയും individual report കൈപ്പറ്റിയശേഷം പ്രിൻസിപ്പൽ consolidated report പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതും ഡയറക്ടറേറ്റിൽ നിന്ന് ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്. ആയതിനുശേഷം അദ്ധ്യാപകരുടെ വിശദാംശങ്ങൾ പ്രിൻസിപ്പൽ ഫോർവേഡ് ചെയ്യേണ്ടതാണ്. Teachers details ൽ പിന്നീട് ഒരു മാറ്റം വരുത്തലുകളും സാധ്യമല്ല.

അദ്ധ്യാപകരുടെ priority, home station details എന്നിവയിൽ യാതൊരു മാറ്റവും വരുത്താനാവുന്നതല്ല. അപ്ഡേറ്റ് ചെയ്യുവാൻ കഴിയാത്ത അദ്ധ്യാപകരുടെ വിവരങ്ങൾ പ്രിൻസിപ്പൽമാർ താഴെ ചേർത്തിട്ടുള്ള മെയിൽ ഐ.ഡി -യിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| Sl.No. | Subject | Mail Id |
|---|---|---|
| 1 | Hindi, Arabic, Urdu, Tamil, Geology | transferadc1@gmail.com |
| 2 | Botany, Sociology, Philosophy, Kannada, Psychology, Islamic History, Music, Electronics, Home Science | transferadc2@gmail.com |
| 3 | Social Work, Political Science, History, Gandhian studies | transferadc3@gmail.com |
| 4 | Economics, Statistics, Russian | transferadc4@gmail.com |
| 5 | Malayalam, Sanskrit, Journalism, Anthropology | transferadc5@gmail.com |
| 6 | Zoology, Computer Science | transferadc6@gmail.com |
| 7 | Mathematics | transferadb2@gmail.com |
| 8 | Commerce, Geography | transferadb3@gmail.com |
| 9 | English | transferadb4@gmail.com |
| 10 | Chemistry | transferadb5@gmail.com |
| 11 | Physics | transferadb6@gmail.com |

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി

പകർപ്പ്

എല്ലാ പ്രിൻസിപ്പൽമാർക്കും

22